പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2467 **27-10-2026-ൽ മറുപടിയ്ക്ക്**

വിമുക്തി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) നടപ്പ് സാമ്പത്തിക വർഷം വിമുക്തി പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

മറുപടി: നടപ്പ് സാമ്പത്തിക വർഷം വിമുക്തി പദ്ധതികൾക്കായി ആകെ 11,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

14 ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ, 3 മേഖല കൗൺസിലിംഗ് കേന്ദ്രങ്ങൾ, 14 വിമുക്തി മിഷൻ കോ-ഓർഡിനേറ്റർമാർ എന്നിവിടങ്ങളിലെ താത്കാലിക/കരാർ ജീവനക്കാരുടെ വേതനം -6,44,41,120/-രൂപ

തിരുവനന്തപുരം ജില്ലയിലെ പാലോട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും കാസർകോഡ് മഞ്ചേശ്വരം താലൂക്കിൽ മംഗൽപാടി താലൂക്ക് ആശുപത്രിയിലും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലും ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ അധികമായി തുടങ്ങുന്നതിനുള്ള വിശദമായ പ്രാരംഭ പഠനത്തിനായി - 10,00,000/- രൂപ

14 ജില്ലാ ഡി-അഡിക്ഷൻ സെന്ററുകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക സെന്ററിലും ചികിത്സാ സൗകര്യങ്ങൾക്കാവശ്യമായ മരുന്ന്, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ആശുപത്രികളുടെ അറ്റകുറ്റ പണികൾക്കുള്ള ചെലവ്, ലാബ് ചാർജ്ജ്, മറ്റ് അനുബന്ധ ചെലവുകൾ. - 30,00,000/-രൂപ

14 ജില്ലാ വിമുക്തി മാനേജർമാരുടെ ശമ്പളം മറ്റ് അലവൻസുകൾ- 2,18,73,000/-രൂപ

അഡ്മിനിസ്ട്രേറ്റീവ് ഓവർ ഹെഡ് - 22,86,800/-രൂപ

സ്കൂളുകളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുടെ ശക്തിപ്പെടുത്തൽ.- 20,00,000/- രൂപ

ഉണർവ്വ് പദ്ധതി- 52,50,000/-രൂപ

ആദിവാസി/തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്കായി - 15,00,000/-രൂപ.

എൻ.എസ്.എസ്/എസ്.പി.സി/ എൻ.സി.സി./സ്കൗട്ട് ആൻഡ് ഗൈഡ്/ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ, നേർക്കൂട്ടം, ശ്രദ്ധ കമ്മിറ്റികളുടെ ഭാഗമായ പ്രവർത്തനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് വകുപ്പുകൾ, കുടുംബശ്രീ, മറ്റ് വിവിധ സംഘടനകൾ, അതിഥി തൊഴിലാളികൾക്കിടയിൽ ബോധവത്കരണം മുതലായവയിലൂടെ പ്രവർത്തനങ്ങൾ - 30,00,000/-രൂപ.

വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം (അച്ചടി/ ദൃശ്യ ശ്രവ്യ മധ്യമങ്ങൾ, KSRTC/Railway/ Malls/ സോഷ്യൽ മീഡിയ/ ടെലിവിഷൻ, എഫ്. എം റേഡിയോ) - 27,50,000/-രൂപ.

ലഹരിക്കെതിരായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഷോർട്ട് ഫിലിമുകൾ സെലിബ്രിറ്റികളെ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനും, ഷോർട്ട് ഫിലിം മത്സരങ്ങൾ, സെലിബ്രിറ്റികളെയും വിശിഷ്ട വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് റീൽസ് തയാറാക്കി നവ മധ്യമങ്ങളിലൂടെ പ്രച്ചരിപ്പിക്കുന്നതിനുമായി - 10,00,000/-രൂപ. പൊതുജനശ്രദ്ധ ആകർഷിക്കുന്നതിനായി വിമുക്തി ക്യാമ്പയിൻ പ്രചാരണാർത്ഥം നിലവിലുള്ള ഓഫീസ് കോമ്പൗണ്ടും പരിസരത്തിലും ബോധവത്കരണ ആശങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ വരയ്ക്കുന്നതിന് - 10,00,000/-രൂപ.

14 ജില്ലയിലേയും വിമുക്തി മാനേജർമാർക്ക് ഓഫീസ് സജ്ജീകരിക്കുന്നതിനും അനുബന്ധ ഫർണീച്ചർ മറ്റ് ചെലവുകൾ - 30,00,000/-രൂപ

LP, UP സ്കൂളുകളിലെ വിദ്യാർത്ഥികളെ ലഹരിക്കടിമപ്പെടാതെ ഉത്തമ പൗരന്മാരായി വളരുന്നതിനു വേണ്ടി നടപ്പാക്കുന്ന ബാല്യം അമൂല്യം/നശാമുക്ത് ന്യായ അഭിയാൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി -28,99,080/-രൂപ

(ബി) മട്ടന്നൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിമുക്തി പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നത്; വിശദമാക്കാമോ;

<u>മറുപടി:</u> മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എല്ലാ കോളേജുകളിലും ഹൈസ്കൂൾ-ഹയർ സെക്കൻഡറി സ്കൂളുകളിലും തണ്ടർ ആന്റി നാർകോട്ടിക് ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനജാഗ്രത സമിതികൾ പുനഃസംഘടിപ്പിച്ച് യോഗങ്ങൾ ചേർന്നിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ, എന്നിവിടങ്ങളിലും പൊതു മണ്ഡലങ്ങളിലും ലഹരിവിരുദ്ധ ക്ലാസ്സുകളും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്.

സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി മട്ടന്നൂർ മുനിസിപ്പാലിറ്റി പരിധിയിലെ ആറാം വാർഡിലെ കല്ലൂർ എന്ന സ്ഥലത്ത് **റിലാക്സ്** പദ്ധതിയുടെ ഭാഗമായി കല്ലൂർ കൈരളി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ വോളിബോൾ കോർട്ടിനോട് ചേർന്നുള്ള ഭാഗത്ത് വിശ്രമകേന്ദ്രവും ഉദ്യാനവും സജ്ജീകരിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. കൈരളി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, മട്ടന്നൂർ ഗവ. പോളിടെക്നിക്ക് NSS യൂണിറ്റ്, മട്ടന്നൂർ ഹയർ സെക്കന്ററി സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ്, NSS യൂണിറ്റ് തുടങ്ങിയവരാണ് ടി പദ്ധതിയുമായി സഹകരിച്ചു വരുന്നത്. 08.09.2026-ൽ ബഹു. മട്ടന്നൂർ നിയോജക മണ്ഡലം MLAയുടെ അധ്യക്ഷതയിൽ നിയോജക മണ്ഡല തലത്തിൽ ജനകീയ കമ്മിറ്റി യോഗം ചേർന്ന് വിമുക്തി/എൻഫോസ്മെന്റ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്.

കായിക ലഹരി വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിയ സ്പോർട്സ് ടീം പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ നിയോജക മണ്ഡലം പരിധിയിലെ പിണറായി എക്സൈസ് റെയിഞ്ചിലെ ഹയർ സെക്കൻഡറി സ്കൂൾ എടയന്നൂർ, ഹയർ സെക്കൻഡറി സ്കൂൾ പട്ടാന്നൂർ, കൂടാളി ഹയർ സെക്കൻറി സ്കൂൾ, ഫസൽ ഉമ്മർ പബ്ലിക് സ്കൂൾ, കുത്തുപറമ്പ് എക്സൈസ് റെയിഞ്ച് പരിധിയിലെ സെന്റ് കോർണിയർ ഹൈസ്കൂൾ, കോളയാട് ഹയർസെക്കൻഡറി സ്കൂൾ, ശിവപുരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, PGMGHSS ചേരുവഞ്ചേരി, GHSS ചിറ്റാരിപ്പറമ്പ്, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ആയിത്തറ മമ്പറം, മട്ടന്നൂർ എക്സൈസ് റേഞ്ച് പരിധിയിലെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ മട്ടന്നൂർ, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പാല, GHSS പടിയൂർ,

GHSS ചാവശ്ശേരി, CHM കാവുംപടി എന്നിവിടങ്ങളിൽ കായിക ഉപകരണങ്ങളും ജഴ്സികളും വിതരണം ചെയ്തിട്ടുണ്ട്.

2024-25 കാലയളവിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഉണർവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 4.67 ലക്ഷം രൂപ ചെലവഴിച്ച് വോളിബോൾ കോർട്ട് സജ്ജീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ശക്തിപ്പെടുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

മറുപടി: വിമുക്തി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും കൂടുതൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും, വാർഡുകളിലെയും ജനജാഗ്രത സമിതി യോഗങ്ങൾ ക്രമമായ ഇടവേളകളിൽ വിളിച്ചു ചേർത്ത് പദ്ധതിയുടെ നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മയങ്ങില്ല കേരളം എന്ന കർമ്മ പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ മണ്ഡലത്തിലെ വിമുക്തി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ